# രാമായണമേള 2025



ആദ്ധ്യാത്മികതയിൽ അധിഷ്ഠിതമായ സാമൂഹികജീവിതം കെട്ടിപ്പടുക്കുവാൻ ഒരു തലമുറയെ പ്രാപ്ത രാക്കുക; സനാതനധർമ്മങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, പുരാണങ്ങൾ തുടങ്ങിയ ആദ്ധ്യാത്മികകാര്യങ്ങളിൽ അവരെ തല്പരരാക്കുക തുടങ്ങിയ മഹത്തായ ലക്ഷ്യങ്ങളോടെയാണ് കരയോഗങ്ങൾ തോറും ആദ്ധ്യാത്മിക പഠനകേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചത്.

അതിനോടനുബന്ധിച്ച്, നായർ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അഖിലകേരളാടിസ്ഥാന ത്തിൽ എല്ലാ വർഷവും സംഘടിപ്പിക്കുന്ന രാമായണമേള ഈ വർഷവും പൂർവാധികം ഭംഗിയായി നടത്തു വാൻ തീരുമാനിച്ചിരിക്കുകയാണ്. ആഗസ്റ്റ് 9, 10 ശനി, ഞായർ ദിവസങ്ങളിൽ എൻ.എസ്.എസ്. ഹെഡ് ഓഫീസ് കോമ്പൗണ്ടിൽ ഉള്ള മന്നത്ത് പാർവതിയമ്മ മെമ്മോറിയൽ ആഡിറ്റോറിയത്തിൽവച്ച് ആണ് മേള നടത്തുന്നത്. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി അദ്ധ്യാത്മരാമായണത്തെ ആസ്പദമാക്കി വിവിധ മത്സരങ്ങൾ നടത്തുന്നു.

ആദ്യദിവസമായ ആഗസ്റ്റ് 9 ശനിയാഴ്ച കീർത്തനാലാപനം (ശാസ്ത്രീയം, സന്ധ്യാനാമസ്തോത്രങ്ങൾ), ഉപന്യാസരചന, രാമായണപാരായണം, പദ്യം കാണാതെചൊല്ലൽ (യു.പി. ഹൈസ്ക്കൂൾ വിഭാഗങ്ങൾ), ക്വിസ് മത്സരം (യു.പി വിഭാഗം), പ്രസംഗമത്സരം, ഭജന എന്നിവയിൽ മത്സരങ്ങൾ നടത്തുന്നതാണ്.

രണ്ടാംദിവസം ആഗസ്റ്റ് 10 ഞായറാഴ്ച പദ്യം കാണാതെചൊല്ലൽ (നഴ്സറി, എൽ.പി. വിഭാഗം). കഥാ കഥനം, അഭിനയഗാനാവതരണം (എൽ.പി., നഴ്സറി വിഭാഗത്തിന്), ക്വിസ് മത്സരം (ഹൈസ്ക്കൂൾ & കോളേജ് വിഭാഗം), ചിത്രരചന, പ്രസംഗമത്സരം (ഹയർ സെക്കണ്ടറി & കോളേജ് വിഭാഗം), ടാബ്ലോ, പ്രച്ഛന്നവേഷം, തിരുവാതിരകളി എന്നീ ഇനങ്ങളിലായിരിക്കും മത്സരങ്ങൾ നടക്കുക.

ആഗസ്റ്റ് 9-ന് രാവിലെ 8.45-ന് എൻ.എസ്.എസ്. സെക്രട്ടറി ഹരികുമാർ കോയിക്കൽ ഉദ്ഘാടനം നിർവഹിക്കുന്നതും ആഗസ്റ്റ് 10-ന് വൈകുന്നേരം ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയും സമ്മാനദാനം നിർവഹിക്കുകയും ചെയ്യുന്നതാണ്.